നേരത്തെ തിരസ്ക്കരിച്ച നിർദ്ദേശങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു. നബാർഡ് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. ഈ പാലത്തിന്റെ പണി പുനരാരംഭിച്ച സന്ദർഭത്തിൽ പൊതുമരാമത്തു വകുപ്പിന് ആ നിർദ്ദേശങ്ങൾ കാണിച്ചുകൊണ്ട് തിരിച്ചു അയച്ചു. നബാർഡിന്റെ നിബന്ധനകൾ നിറവേറ്റുന്നതിൽ പൊതുമരാമത്ത് വകുപ്പ് കുറ്റകരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. നബാർഡിന്റെ ധനസഹായത്തിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കാൻ സർക്കാർ പൊതുമരാമത്തു വകുപ്പിനോട് നിർദ്ദേശിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ, 1991-ൽ പണി തുടങ്ങിയതാണ്. മുടങ്ങിക്കിടന്ന ഈ പാലത്തിന്റെ പണി ഈ ഗവൺമെന്റ് വന്നതിനു ശേഷം 11.4.97-ലാണ് പുനരാരംഭിച്ചത്. ഈ പാലത്തിനു മാത്രമല്ല ഒട്ടേറെ വർക്കുകൾക്ക് ഫണ്ട് കൊടുക്കാനുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിൽ ആർ.ഐ.ഡി.എഫ്-5ൽ ഉൾപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. വളരെ വേഗത്തിൽ അതിനുള്ള നടപടികൾ പൂർത്തിയാക്കി നബാർഡിനു സമർപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(12) കാസർഗോഡ് ജില്ലയിലെ അദ്ധ്യാപകരുടെ നിയമനം

<u>ശ്രീ. പി. രാഘവൻ</u> : സർ, കാസർഗോഡ് ജില്ലയിൽ പതിവുപോലെ ഈ വർഷവും അധ്യാപകരുടെ നിയമനം താമസിച്ചാണ് നടന്നത്. അധ്യാപകരെ ജൂൺ 1-ന് തന്നെ നിയമിക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിരുന്നു. ഒഴിവ് നികത്തുന്നതിനുള്ള അടിയന്തിര നടപടികളും വകുപ്പധികൃതരും അതുപോലെ ഗവൺമെന്റും ആരംഭിക്കുകയും ചെയ്തു. എന്നാൽ സർക്കാരിനെയും വകുപ്പധികൃതരെയും ധിക്കരിക്കുന്ന ഒരു ഡെപ്യൂട്ടി ഡയറക്ടറുണ്ട്. അദ്ദേഹം ഈ ശ്രമങ്ങളെയെല്ലാം അട്ടിമറിക്കുകയാണ് ചെയ്ത്. മേയ് 19-ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നുള്ള ലിസ്റ്റു പ്രകാരം അധ്യാപകരെ നിയമിക്കാനുള്ള നടപടികളാരംഭിച്ചതാണ്. പക്ഷെ ഒരു മാസം കഴിഞ്ഞിട്ടും ആ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഡെപ്യൂട്ടി ഡയറക്ടർ തയ്യാറായില്ല. അവിടത്തെ ജില്ലാ പഞ്ചായത്തും വിവിധ പൊതുജന സംഘടനകളും നിരവധി പ്രാവശ്യം അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടും ലിസ്റ്റ് പ്രകാരമുള്ള അധ്യാപകരെ നിയമിച്ചില്ല. ഏറ്റവുമൊടുവിൽ ഇന്നലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ലിസ്റ്റ് പ്രകാരമുള്ള നിയമനങ്ങൾ കഴിഞ്ഞുവെന്നാണ് മനസ്സിലാക്കുന്നത്. ഒരു മാസം വച്ച് താമസിപ്പിച്ചത് ഈ ഉദ്യോഗസ്ഥൻ മാത്രമാണ്. ഇപ്പോൾ അത് ഉന്നയിക്കാൻ കാരണം, വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഭാവിയൊക്കെ അപകടത്തിലാക്കുന്ന ഈ ഉദ്യോഗസ്ഥൻ അവിടെ വേണ്ടാത്ത ഒരുപാട് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ചെർക്കളം ഗവൺമെന്റ് സ്കൂളിലെ പി.ടി.എ. പ്രസിഡന്റ്, ബഹുമാനപ്പെട്ട മന്ത്രിക്കും അധികൃതർക്കും ഒരു പരാതി അയച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഒരു ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കാൻ 25,000 രൂപ തരണമെന്ന് ആവശ്യപ്പെട്ടുവെന്നാണ് പി.ടി.എ. പ്രസിഡന്റിന്റെ പരാതി. അതു സംബന്ധിച്ച് ജോയിന്റ് ഡയറക്ടർ ഇവിടെനിന്ന് അന്വേഷണത്തിന് പോയപ്പോൾ ആ പരാതി ആവർത്തിക്കുകയുണ്ടായി. ഇപ്പോൾ അവിടെ പി.എസ്.സി. നിയമനം നടന്നു. പി.എസ്.സി.യിലെ അധ്യാപകരെ ദൂരെ പ്രദേശങ്ങളിലേക്ക് നിയമിച്ച് അവരോട് കാശ് വാങ്ങുന്ന ഒരു സ്ഥിതിയിലേയ്ക്ക് അദ്ദേഹം എത്തിയിട്ടുണ്ട്. 5,000 രൂപയും 10,000 രൂപയുമൊക്കെയാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. അതു സംബന്ധിച്ചുള്ള പരാതികളുണ്ട്. ഇതു സംബന്ധിച്ച് എല്ലാ പത്രങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലും വാർത്ത വന്നിട്ടുണ്ട്. 'അധ്യാപക നിയമനം അഴിമതി അന്വേഷിക്കണം ഡി.വൈ.എഫ്.ഐ' അതുപോലെ 'കാസർഗോഡ് താൽക്കാലിക അധ്യാപക നിയമനത്തിൽ വൻ അഴിമതി.' വലിയ വാർത്തയായി വന്നതാണ്. അതു പോലെ 'അധ്യാപക നിയമനം ലിസ്റ്റായി, പക്ഷേ, അധ്യാപക നിയമനത്തിൽ ജില്ലാപഞ്ചായത്തും ഡി.ഡിയും തമ്മിൽ തർക്കം' ഇങ്ങനെയുള്ള പത്രവാർത്ത കൾ വരുന്നു. അത്തരത്തിലുള്ള വളരെ ധിക്കാരപരമായ നടപടികളാണ് ഡി. ഡി. നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇത് ഒരു സ്ഥലംമാറ്റത്തിന്റെ പ്രശ്നമല്ല. ഇതു സംബന്ധിച്ച് അന്വേഷിക്കണം. അദ്ദേഹത്തിനെതിരായി നട പടിയെടുക്കണം. അതോടൊപ്പം ഇനിയുള്ള പി.എസ്.സി. നിയമനം വേഗ ത്തിൽ നടത്തി, കഴിയുന്നത്ര വേഗത്തിൽ ക്ലാസ് ആരംഭിക്കാനുള്ള നടപടിയു ണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഞാൻ കാസർഗോഡ് ജില്ലയിൽ ചെന്നപ്പോൾത്തന്നെ എന്റെയടുത്ത് പലരും പരാതികളുന്നയിക്കുകയുണ്ടായി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനി ന്നുള്ള നിയമനം സംബന്ധിച്ച് ഗവൺമെന്റ് വ്യക്തമായ നോംസ് കൊടുത്തി ട്ടുണ്ട്. വളരെ ക്ലിയർ നോംസാണ്. അതു ലംഘിച്ചാൽ അതിന്റെ പേരിൽതന്നെ നടപടിയുണ്ടാകും. നോംസ് തെറ്റിച്ച് ചെയ്തിട്ടുണ്ടെങ്കിൽ തീർച്ചയായും നട പടി ഉണ്ടാകും. ആ വേക്കൻസികളൊക്കെ നികത്തിക്കഴിഞ്ഞു. അതു സംബ ന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞു. പിന്നെ 85 വേക്കൻസികൾ മലയാളം പി.ജി. അധ്യാപകരുടേതായിരുന്നു. അതിന് പി.എസ്.സി. ലിസ്റ്റുണ്ട്. അതു സംബന്ധിച്ച് ബി.എഡിന്റെ ഒരു തർക്കമുണ്ടായിരുന്നു. അത് പരിഹ രിച്ചു കഴിഞ്ഞിരിക്കുന്നു. ഉടൻ ഒഴിവുകൾ നികത്തുന്നതാണ്. ഇപ്പോൾ ഒഴിവു കളുടെ പ്രശ്നമില്ല. ഒരു ആദ്യപടിയെന്നുള്ള നിലയിൽ ആ ഓഫീസറെ സ്ഥലം മാറ്റാനും തീരുമാനിച്ചിട്ടുണ്ട്.

(13) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് എക്സാമിനേഷന്റെ റിസൾട്ട് പബ്ലിഷ് ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. പി.ജെ. ജോയി : സർ, സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയ റിംഗ് എൻട്രൻസ് എക്സാമിനേഷൻ എഴുതിയിട്ടുള്ള വിദ്യാർത്ഥികൾ നേരി ടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാ നാണ് ഞാൻ ഈ സബ്മിഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ 11, 12 തീയ തികളിലായി സംസ്ഥാനത്ത് എൻട്രൻസ് എക്സാമിനേഷൻ നടന്നു. ഇതു വരെ അതിന്റെ റിസൾട്ട് പബ്ലിഷ് ചെയ്തിട്ടില്ല. കമ്പ്യൂട്ടർ സംവിധാനമുള്ള ഈ കാലഘട്ടത്തിൽ ഏറിയാൽ 15 ദിവസംകൊണ്ട് റിസൾട്ട് പബ്ലിഷ് ചെയ്യാൻ കഴിയും. ഒരു വലിയ മാഫിയാ സംഘം ഈ സംസ്ഥാനത്ത് ക്യാമ്പ് ചെയ്ത് റിസൾട്ട് പുറത്തുവരാതിരിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതായിട്ടാണ് അറിയു ന്നത്. കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സ്ഥലങ്ങളിൽ, ഞാൻ മനസ്സിലാക്കു ന്നത്, 3-ാം തീയതിയാണ് അവിടത്തെ അഡ്മിഷനെന്നാണ്. റിസൾട്ട് പബ്ലിഷ് ചെയ്യാതിരുന്നാൽ ഇവിടെയുള്ള വിദ്യാർത്ഥികളിൽ അധികം പേരും പണം കൊടുത്ത് അവിടെ പോയി ചേരുമെന്നുള്ള ദുഷ്ടലാക്കാണ് അതിന്റെ പുറകി ലുള്ളതെന്നാണ് ഞാൻ കരുതുന്നത്. കൊച്ചി യൂണിവേഴ്സിറ്റി എൻട്രൻസ് എക്സാമിനേഷൻ റിസൾട്ട് പബ്ലിഷ് ചെയ്തു. എന്നിട്ട് വിത്ത്ഹെൽഡ് ചെയ്തു, റീവാല്യുവേഷനെന്നുള്ള പേരിൽ അതും പൂഴ്ത്തിവച്ചിരിക്കുക യാണ്. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്. നാളെയെങ്കിലും റിസൽറ്റ് പബ്ലിഷ് ചെയ്യാനുള്ള ഡയറക്ഷൻ ഗവണ്മെന്റിൽ നിന്നും നൽകണ മെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly